കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കരീപ്ര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി 6/1447/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി –03/08/2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കരീപ്ര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കരീപ്ര ഗ്രാമപഞ്ചായത്ത്-2016 - 2017 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരീപ്ര ഗ്രാമപഞ്ചായത്തിന്റെ 2016–2017 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-6/1447/2017തീയതി: 3/08/2017

## കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമ പഞ്ചായത്തിന്റെ 2016 - 2017സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമ പഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 22-10-2016 മുതൽ 31-03-2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണ ക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.ഗീത.എം, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് | 19-07-17 മുതൽ |

| | | |
|---|---|---|
| വിനിയോഗിച്ച സമയം | 29-07-17വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | |
| | ശ്രീ.വി.മണിലാൽ | ഓഡിറ്റ്ഓഫീസർ |
| | ശ്രീമതി.ഷീബാകൃഷ്ണൻ.വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ശ്രീരാജ്.വി.ജി | സീനിയർഗ്രേഡ്ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ജെ.അശോകൻ | 1-04-2016 മുതൽ 31-03-2017 വരെ |
| സെക്രട്ടറി | ശ്രീ.ഷിബു.എസ് | 1-04-16 മുതൽ 17-11-16 വരെ |
| | ശ്രീ.എസ്.വിജയകുമാർ | 17-11-16 മുതൽ 31-03-17വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ | ശ്രീമതി.സുനിത കുമാരി | 01-04-16 മുതൽ 31-03-17 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ലക്ഷ്മി.ജി.മോഹൻ | 01-04-16 മുതൽ 03-11-16 വരെ |
| | ശ്രീമതി.അനശ്രീ | 03-11-16മുതൽ 31-03-17വരെ |
| വെറ്റിനറി സർജൻ | ഡോ.അനിൽകുമാർ | 01-04-16മുതൽ 31-03-17വരെ |
| കൃഷി ഓഫീസർ | ശ്രീ.രാജൻ ബാബു | 01-04-16 മുതൽ 31-03-17 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.അനൂപ്.റ്റി | 01-04-16 മുതൽ 18-08-16 വരെ (19-08-16 മുതൽ 02.10.16 വരെ ഒഴിവ് ) |
| | ശ്രീ.ശ്രീജിത്ത്.യു.വി | 03-10-16മുതൽ 31-03-17 വരെ |
| ലേഡിവില്ലേജ് എക്സ്റ്റൻഷൻഓഫീസർ | ശ്രീമതി.ബിന്ദു.റ്റി | 1-04-16 മുതൽ 31-03-17 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സുശീലാമ്മ | 01-04-16 മുതൽ 31-03-17 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.ബാബു | 1-04-2016 മുതൽ 02-06-2016 വരെ |

| | | |
|---|---|---|
| | | |
| | ശ്രീ.വി.എൻ.പ്രകാശ് | 03-06-16മുതൽ 31-03-17വരെ |
| ആയൂർവേദ മെഡിക്കൽ ഓഫീസർ | ഡോ.രഞ്ജു.റ്റി.യോഹന്നാൻ | 1-04-16 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.ജ്യോതിലാൽ | 1-04-16 മുതൽ 31-03-17 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ശശികല.എസ്.കെ | 01-04-16മുതൽ 31-03-17വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.എ.അബ്ദുൾഅസീസ് | 01-04-16 മുതൽ 31-03-17 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച്സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനതു വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | നിലവിൽ ഇടപാടുകളില്ലാത്ത അക്കൗണ്ടുകൾ അവസാനിപ്പിക്കുന്നത് സംബന്ധിച്ച്. | 2-1 |
| 13 | ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പണികൾ-ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയില്ല | 2-2 |
| 14 | കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടങ്ങൾ 2011 അനുശാസിക്കും പ്രകാരം ക്രമവൽക്കരണ ഫീസ് ഈടാക്കുന്നില്ല | 2-3 |
| 15 | ഡി &ഒ ലൈസൻസ് ഫീസ് | 2-4 |
| 16 | തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച് | 2-5 |
| | ഭാഗം 3 | |

| | | |
|---|---|---|
| 17 | അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായി സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് പ്രീമിയം തുക ഒടുക്കുന്നില്ല | 3-1 |
| 18 | മഴക്കാല പൂർവ്വ ശുചിത്വ ക്യാമ്പയിൻ 2016 – ഉദ്ദേശലക്ഷ്യങ്ങൾ കൈവരിച്ചില്ല,ചെലവ് രേഖകൾ ഹാജരാക്കിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-2 |
| 19 | പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ -പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം ലഭ്യമല്ല | 3-3 |
| 20 | ഗ്രാമസഭ യഥാസമയം കൂടുന്നില്ല | 3-4 |
| 21 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ- മരുന്ന് ലഭ്യമായില്ല | 3-5 |
| 22 | ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണത്തിൽ അപാകതകൾ- സെന്റേജ് ചാർജ് അധികം നൽകി | 3-6 |
| 23 | 29547/-രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല-ചെലവ് തടസ്സപ്പെടുത്തുന്നു | 3-7 |
| 24 | ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചിട്ടില്ല-ഗ്രൂപ്പുകൾക്ക് ആനുകൂല്യവിതരണം | 3-8 |
| 25 | പാലിയേറ്റീവ്കെയർ പദ്ധതി -വിഭാവനം ചെയ്തപോലെ പദ്ധതി നടപ്പിലാക്കിയില്ല-190400/-രൂപ തടസ്സപ്പെടുത്തുന്നു. 56000/-രൂപ നിരാകരിക്കുന്നു. | 3-9 |

| | | |
|---|---|---|
| 26 | പാലിയേറ്റീവ് കെയർ പദ്ധതി -ബ്ലോക്ക് വിഹിതം തിരികെ നൽകേണ്ടതാണ്. | 3-10 |
| 27 | ഭവനപുനരുദ്ധാരണംഎസ്.സി.പി-വിശദമായ വാല്യവേഷൻസർട്ടിഫിക്കറ്റ് ഹാജരാക്കും വരെ 350000/-തടസ്സം | 3-11 |
| 28 | ഗവൺമെന്റ് ഉത്തരവിന് വിരുദ്ധമായി മുൻകൂർ തുക നൽകി-8,16,037/-രൂപ തടസ്സപ്പെടുത്തുന്നു. | 3-12 |
| 29 | ഭിന്നശേഷിയുള്ളവർക്കുള്ള ജില്ലാപഞ്ചായത്ത് പദ്ധതിക്ക് വിഹിതം നൽകൽ വിനിയോഗവിശദാംശങ്ങളില്ല-2,50,000/-രൂപ ചെലവ് തടസ്സം | 3-13 |
| 30 | എസ്.എസ്.എ.വിഹിതം നൽകൽ-വിനിയോഗവിശദാംശങ്ങളില്ല | 3-14 |
| 31 | ചൂരപ്പൊയ്ക കാർഷിക സേവാ കേന്ദ്രം അറ്റകുറ്റപ്പണി-വകയിരുത്തിയ തുകയിൽ കവിഞ്ഞു ചെലവു ചെയ്തു. | 3-15 |
| 32 | റോഡ് കോൺക്രീറ്റിംഗിന് അധികനിരക്ക് നൽകി | 3-16 |
| 33 | ഇടയ്ക്കിടം പി.എച്ച്.സബ് സെന്റർ അറ്റകുറ്റപ്പണി- അധികം തുക നൽകി. | 3-17 |
| 34 | ഗ്രാമീണതൊഴിലുറപ്പ് പദ്ധതി അവലോകനം | 3-18 |
| 35 | സാധന ഘടകങ്ങൾ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏറ്റെടുത്തു- | 3-19 |

| | | |
|---|---|---|
| | നടപ്പിലാക്കുന്നില്ല | |
| | ഭാഗം 4 | |
| 36 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 37 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 39 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 40 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 44 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 45 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 18-03-2017-ലെ VI-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 16-06-2017 | 17-6-2017 | 15-7-2017 |

### 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2016-17 | 28-07-2017 | |

1.ഡെപ്പോസിറ്റ് വർക്കിനത്തിൽ വാട്ടർ അതോറിറ്റിയിൽ അടച്ച 23,89,410/-രൂപ തൻവർഷം ചെലവായിട്ടില്ല. അതുകൊണ്ട് റസീപ്റ്റ് ആന്റ് പേമെന്റ് അക്കൌണ്ടിൽ ഡെപ്പോസിറ്റിനത്തിൽ (RP47) കാണിച്ച് ബാലൻസ് ഷീറ്റിൽ അസറ്റായി കാണിക്കുന്നതിന് പകരം റസീപ്റ്റ് ആന്റ് പേമെന്റ് അക്കൌണ്ടിൽ ചെലവഴിച്ചതായി കാണിച്ചിരിക്കുന്നു.

2.എല്ലാ ആസ്തികളുടെയും മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല
3.സ്റ്റോക്കിന്റെ മൂല്യം ഉൾപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

4.ബജറ്റ് ഫങ്ഷൻ- ഫങ്ഷണറി സമ്പ്രദായത്തിൽ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6794760.62 |
| വരവ് | 58319027.00 |
| ആകെ | 65113787.62 |
| ചെലവ് | 59008570.00 |
| നീക്കിയിരിപ്പ് | 6105217.62 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 11572302 | 11572302 | 11572302 | - | 100 |
| വികസനഫണ്ട് എസ്.സി.പി. | - | 4385764 | 4385764 | 4385764 | - | 100 |
| വികസനഫണ്ട് ടി.എസ്.പി. | - | - | - | - | - | - |
| സംരക്ഷണഗ്രാന്റ് റോഡ് | - | 6243402 | 6243402 | 6243402 | - | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 3003005 | 3003005 | 3003005 | - | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 6890761 | 6890761 | 6890761 | - | 100 |
| പെർഫോമൻസ് ഗ്രാന്റ് | - | 1784116 | 1784116 | 1784116 | - | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 2258.50 | 1203201 | 1205459.5 | 1197073 | 8386.50 | 99 |
| ബി ഫണ്ട് | - | 44631375 | 44631375 | 44631375 | - | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 200 | 66466894 | 133 | 40832686 | 0 | 67 | 66.5 |

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 13.07% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻ വർഷം | തൻ വർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3065586 | 3196758 | 131172 | 4.27 |
| നികുതിയേതര വരവുകൾ | 1288487 | 1682578 | 394091 | 30.59 |
| മറ്റുവരവുകൾ | 8862528 | 10065345 | 1202817 | 13.57 |
| ആകെ | 13216601 | 14944681 | 1728080 | 13.07 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 394680 | 244 |
| കർഷകതൊഴിലാളി പെൻഷൻ | 2054390 | 229 |

| | | |
|---|---|---|
| വിധവാപെൻഷൻ | 16790000 | 1456 |
| വാർദ്ധക്യകാലപെൻഷൻ | 20464145 | 2143 |
| വികലാംഗപെൻഷൻ | 4552740 | 423 |
| 50വയസ്സ്കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 285420 | 29 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 90000 | 3 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-07-2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18596/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1.ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2.തനത് വരവുകൾ യഥാവിധി നിർണയിക്കുന്നതിലും ഈടാക്കുന്നതിലും ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നു.

3.ഗ്രാമസഭ കൂടുന്നത് പോലുള്ള അതീവ ശ്രദ്ധ അർഹിക്കുന്ന കാര്യങ്ങളിൽ പോലും തികഞ്ഞ അലംഭാവം അധികൃതർ കാണിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20-06-17 | 01-05-17 മുതൽ 31-05-17 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് | 20-04-16 | 2011-12 മുതൽ | 16-07-16 |

| | | | |
|---|---|---|---|
| ജനറലിന്റെ ഓഡിറ്റ് | | 2015-16 വരെ | |

## ഭാഗം-2

### വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 നിലവിൽ ഇടപാടുകളില്ലാത്ത അക്കൗണ്ടുകൾ അവസാനിപ്പിക്കുന്നത് സംബന്ധിച്ച്.

നിലവിൽ ഇടപാടുകളില്ലാത്തതും നിലനിർത്തേണ്ട ആവശ്യകതയില്ലാത്തതുമായ താഴെ പറയുന്ന അക്കൗണ്ടുകൾ അവസാനിപ്പിച്ച് ബാക്കി നിൽക്കുന്ന തുകകൾ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്;

1. ഇന്ത്യൻ ബാങ്ക്- അക്കൗണ്ട് നം.481414491
31.3.2017-ലെ നീക്കിയിരിപ്പ് 3,88,336/-രൂപ.

വിവിധ പ്രോജക്ടുകൾ പ്രകാരം നിർവ്വഹണോദ്യോഗസ്ഥർ ട്രഷറിയിൽ നിന്നും പിൻവലിക്കുന്ന തുകകൾ ചെക്ക്/ഡിമാന്റ് ഡ്രാഫ്റ്റ് ആക്കുന്നതിനുവേണ്ടി ആരംഭിച്ച അക്കൗണ്ടാണിത്. എന്നാൽ നിലവിൽ തുകകൾ ട്രഷറിയിൽ നിന്നും ഓൺലൈനായി ബന്ധപ്പെട്ട കക്ഷികളുടെ അക്കൗണ്ടുകളിലേക്ക് കൈമാറുന്നതിനാൽ ഈ അക്കൗണ്ട് നിലനിർത്തേണ്ട ആവശ്യമില്ല.

2. കരീപ്ര പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക്-അക്കൗണ്ട് നം.8131
31.3.2017-ലെ നീക്കിയിരിപ്പ് 22,610/-രൂപ.

ജനകീയ പാർപ്പിട പദ്ധതിയ്ക്കുവേണ്ടി തുടങ്ങിയ അക്കൗണ്ടാണിത്. പദ്ധതി അവസാനിച്ചതിനാൽ അക്കൗണ്ട് നിലനിർത്തേണ്ടതില്ല.

3. കരീപ്ര പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക്-അക്കൗണ്ട് നം.5310
31.3.2017-ലെ നീക്കിയിരിപ്പ് 2017.50/-രൂപ.

ജെ.ആർ.വൈയ്ക്ക് വേണ്ടിയുള്ള അക്കൗണ്ടാണിത്. നിലവിൽ

പദ്ധതിയില്ലാത്തതിനാൽ അക്കൗണ്ട് അവസാനിപ്പിക്കേണ്ടതാണ്.

4.കരീപ്ര പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക്-അക്കൗണ്ട് നം. 15594
31.3.2017-ലെ നീക്കിയിരിപ്പ് 79,912/-രൂപ.

ഇ.എം.എസ്. ഭവന പദ്ധതിയുള്ള അക്കൗണ്ടാണിത്. പദ്ധതി നിലവിലില്ലാത്തതിനാൽ അക്കൗണ്ട് നിലനിർത്തേണ്ടതില്ല.

5.ടി.പി.എ.അക്കൗണ്ട്

31.3.2017-ലെ നീക്കിയിരിപ്പ് 500/-രൂപ ഇടപാടുകളില്ലാത്തതിനാൽ നിലനിർത്തേണ്ടതില്ല.

## 2-2 ഇ - ടെണ്ടർ മുഖേനയുള്ള മരാമത്ത് പണികൾ- ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയില്ല.

2016-17 -ൽ വിവിധ മരാമത്ത് പണികൾ ഇ-ടെണ്ടർ നടത്തിയപ്പോൾ ടെണ്ടർ ഫീയിനത്തിൽ ലഭിച്ച 26,200/- രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു;

| ക്രമ നം. | പ്രോജക്റ്റ് നം./പേര് | ലഭിച്ച ടെണ്ടർ ഫീ |
|---|---|---|
| 1. | 106/17-ഭരണിക്കാവ് തെക്കേ ജം.കനിഞ്ഞിമൂല റോഡ് പാർശ്വഭിത്തിയും കോൺക്രീറ്റിംഗും | 3400 |
| 2. | 116/17-കൈക്കുളത്തിൽ ഭാഗം ജി.എൽ.പി.എസ്.റോഡ് പുനരുദ്ധാരണം | 1300 |
| 3. | 204/17-നെടുമൺകാവ് യു.പി.എസ്.സ്റ്റേജ് നിർമ്മാണം | 9000 |
| 4. | 207/17-ഓഫീസ് നവീകരണം | 12500 |
| | ആകെ | 26200 |

26,200/- രൂപ വാറ്റുൾപ്പെടെ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റുന്നതിന് നടപടി

സ്വീകരിക്കേണ്ടതാണ്.

## 2-3 കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 അനുശാസിക്കും പ്രകാരം ക്രമവൽക്കരണ ഫീസ് ഈടാക്കുന്നില്ല.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടങ്ങൾ 2011 ചട്ടം 137(4) പ്രകാരം, രാജിയാക്കൽ ഫീസ്, പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയായിരിക്കുന്നതാണ്. എന്നാൽ ക്രമവൽക്കരണത്തിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ, രാജിയാക്കലിന് പെർമിറ്റ് ഫീസിന്റെ ഇരട്ടി തുക ഈടാക്കിയതായി കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | അപേക്ഷകന്റെ പേര് | വാർഡ് നം/കെട്ടിട നം/വിനിയോഗം | പ്ലിന്ത് ഏരിയ (സ്ക്വയർ മീറ്റർ) | ക്രമവത്ക്കരണത്തിന് ഈടാക്കിയ തുക | ക്രമവല്ക്കരണത്തിന് ഈടാക്കേണ്ട തുക | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | മാത്യു.കെ.അലക്സ് | 2/507 പാർപ്പിടാവശ്യം | 175 | 1050, 11602100752/ 09.05.2016 | 1575 | 525 |
| 2 | ബിജു.കെ | 18/669 പാർപ്പിടാവശ്യം | 198.86 | 1194, 11602100991/ 27.05.16 | 1790 | 596 |
| 3 | ജോൺസൺ എബ്രഹാം | 1/665 പാർപ്പിടാവശ്യം | 208 | 1248 11602100771/ 10.05.16 | 1872 | 624 |
| 4 | ബിനോ.റ്റി.മാത്യു | 18/686 പാർപ്പിടാവശ്യം | 207.11 | 1248 11602100773/ 10.05.16 | 1864 | 616 |
| 5 | റജീലാബീവി | 1/883 പാർപ്പിടാവശ്യം | 220.02 | 1326 11602101695/ 18.07.16 | 1980 | 654 |

മേൽ വിഷയം സംബന്ധിച്ച് 29/7/17ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.20ന് നിലവിൽ ക്രമവൽക്കരണത്തിന് പെർമിറ്റ് ഫീസിന്റെ മൂന്നിരട്ടി ഈടാക്കുന്നുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടങ്ങൾ 2011 അനുശാസിക്കും പ്രകാരം ക്രമവൽക്കരണഫീസ് ഈടാക്കേണ്ടതാണ്.

## 2-4 ഡി & ഒ ലൈസൻസ് ഫീസ്

(1)2016-17 സാമ്പത്തിക വർഷം ചുവടെ പറയുന്ന അപേക്ഷകർക്ക് ഡി & ഒ ലൈസൻസ് അനുവദിച്ചപ്പോൾ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികളുടെ കുതിരശക്തിക്ക് ആനുപാതികമായി പട്ടിക മൂന്നിൽ പരാമർശിക്കുന്ന ഫീസ് ഈടാക്കിയിട്ടില്ല (ചട്ടം 18).

| ക്രമ നം | അപേക്ഷകന്റെ പേര്/ സ്ഥാപനം | വാർഡ് നം | യന്ത്രത്തിന്റെ കുതിര ശക്തി | | വ്യത്യാസം രൂപ |
|---|---|---|---|---|---|
| | | | ഈടാക്കിയ ഫീസ് | ഈടാക്കേണ്ട ഫീസ് | |
| 1 | എസ്.പ്രഭാകരൻ പിള്ള/സഫീൽ ഇൻഡസ്ട്രീസ് | 7 | 69 എച്ച്.പി 600 | 1000 | 400 |
| 2 | റഹീം/ധാന്യങ്ങൾ പൊടിച്ചു നൽകൽ | 10 | 15 എച്ച്.പി ഇല്ല | 200 | 200 |
| 3 | ഓമനക്കുട്ടൻ/ട്രാഫോഡ് ഷീറ്റ് നിർമ്മാണം | 3 | 50 എച്ച്.പി 400 | 500 | 100 |
| 4 | ഗീതരാജ് | 8 | 50 എച്ച്.പി | 500 | 450 |

| | | | | | |
|---|---|---|---|---|---|
| | മോഹൻ/കശുവണ്ടി പരിപ്പ് പാക്കിംഗ് | | 50 | | |
| 5 | സുരേന്ദ്രൻപിള്ള/വാട്ടർ സർവ്വീസ് സ്റ്റേഷൻ | 12 | 8 എച്ച്.പി. ഇല്ല | 100 | 100 |
| | | | | ആകെ | 1250 |

മേൽ വിഷയം സംബന്ധിച്ച് 21/07/17-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.8ന്, ശ്രീ.ഓമനക്കുട്ടൻ, ശ്രുതിലയം, ട്രാഫോർഡ് ഷീറ്റ് നിർമ്മാണം എന്ന സ്ഥാപനം ബാലൻസ് അടയ്ക്കേണ്ടിയിരുന്ന 100 രൂപ 117090101238/27.07.2017 രസീത് പ്രകാരം ഒടുക്കു വരുത്തിയിട്ടുള്ളതായും, മറ്റു സ്ഥാപനങ്ങളിൽ നിന്നും തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്ര സാമഗ്രികളുടെ കുതിരശക്തിക്ക് ആനുപാതികമായി പട്ടിക മൂന്നിൽ പരാമർശിക്കുന്ന ഫീസ് ഈടാക്കേണ്ടതാണ്.

(2)ചുവടെ പറയുന്ന സ്ഥാപനങ്ങൾക്ക്, ഡി & ഒ ലൈസൻസ് അനുവദിച്ചത്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി രേഖകൾ ഹാജരാക്കാതെയാണ്.

| ക്രമ നം | അപേക്ഷകന്റെ പേര്/സ്ഥാപനം | വാർഡ് നം | യന്ത്രത്തിന്റെ കുതിരശക്തി |
|---|---|---|---|
| 1 | എസ്.ഓമനക്കുട്ടൻ/ഡിസൈനർ ടൈൽസ് നിർമ്മാണം | 8 | 35 എച്ച്.പി |
| 2 | ഉദയകുമാർ.റ്റി/എൻജിനീയറിംഗ് വർക്ക്ഷോപ്പ് | 13 | 10 എച്ച്.പി |

മേൽ വിഷയം സംബന്ധിച്ച് 21/07/17ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.8ന് മറുപടി ലഭ്യമാക്കിയില്ല.

വ്യവസായങ്ങൾക്ക് ഉപയോഗിക്കുന്ന യന്ത്രങ്ങളുടെ കുതിരശക്തി 5 എച്ച്.പിയ്ക്ക് മുകളിലാണെങ്കിൽ, കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ അനുശാസിക്കും പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ

അനുമതി രേഖകൾ ഹാജരാക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച്

2016-2017 സാമ്പത്തികവർഷത്തിൽ ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാനുള്ളത് | സ്ഥാപന തൊഴിൽ നികുതി ഈടാക്കാനുള്ളത് |
|---|---|---|---|
| 1 | സെന്റ് ജോർജ് റ്റി.റ്റി.ഐ,ചൊവ്വല്ലൂർ | രണ്ടാം അർദ്ധ വർഷം | - |
| 2 | MGNREGS സെക്ഷൻ,കരീപ്ര | രണ്ടാം അർദ്ധ വർഷം | - |
| 3 | ഇലക്ട്രിസിറ്റി ഓഫീസ്,പെരുമ്പുഴ | രണ്ടാം അർദ്ധ വർഷം | - |
| 4 | BSNL,നെടുമൺകാവ് | ഒന്നും രണ്ടും അർദ്ധ വർഷം | ഒന്നും രണ്ടും അർദ്ധ വർഷം |
| 5 | ദേവസ്വം ഓഫീസ് | ഒന്നും രണ്ടും അർദ്ധ വർഷം | - |
| 6 | സിൻഡിക്കേറ്റ് ബാങ്ക്,നെടുമൺകാവ് | | ഒന്നും രണ്ടും അർദ്ധ വർഷം |

മേൽ വിഷയം സംബന്ധിച്ച് 21/07/2017ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.7ന് തുക അടയ്ക്കുന്നതിന് സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

സാമ്പത്തിക വർഷം തൊഴിൽ നികുതി ചട്ടങ്ങളിൽ പരാമർശിച്ചിരിക്കുന്ന കാലയളവിനുള്ളിൽ തന്നെ തൊഴിൽ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(2) സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

1996ലെ കേരള പഞ്ചായത്ത് രാജ് (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും) ചട്ടം 5 പ്രകാരം, നികുതി ചുമത്താവുന്ന വ്യക്തികളുടേയും, സ്ഥാപനങ്ങളുടേയും പേരു വിവരങ്ങൾ അടങ്ങിയ അസസ്സ്മെന്റ് രജിസ്റ്റർ സൂക്ഷിക്കണമെന്ന് വ്യവസ്ഥ

ചെയ്യുന്നു. എന്നാൽ പഞ്ചായത്തിൽ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കുന്ന രജിസ്റ്ററിലാണ് നിലവിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തുന്നത്.

മേൽ വിഷയം സംബന്ധിച്ച് 21/07/2017ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.7ന് മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഈടാക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തി സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 2-6 കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 അനുശാസിക്കും പ്രകാരം കെട്ടിട നികുതി ഈടാക്കിയില്ല.

ചുവടെ പറയുന്ന കെട്ടിടങ്ങളിൽ നിന്ന് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 അനുശാസിക്കും പ്രകാരം കെട്ടിട നികുതി ഈടാക്കിയതായി കാണുന്നില്ല.

(I) ലോഡ്ജിംഗ് ഹൌസുകൾക്ക് സ്ക്വയർ മീറ്ററിന് 40 രൂപ നിരക്കിൽ നികുതി ഈടാക്കണമെന്നിരിക്കെ അവയെ ഗാർഹിക ആവശ്യത്തിനായുള്ള കെട്ടിടങ്ങളായി കണക്കാക്കി നികുതി സ്ക്വയർ മീറ്ററിന് 6 രൂപ ക്രമത്തിൽ ഈടാക്കിയത് മൂലം ചുവടെ പറയും പ്രകാരം നഷ്ടം ഉണ്ടായിട്ടുണ്ട്

(1) ഉടമസ്ഥന്റെ പേര് - സാറാമ്മ മാത്യൂ

വാർഡ് നം - 18

കെട്ടിട നം - 700

വിനിയോഗം - ഗണം A2-ലോഡ്ജിംഗ് ഹൗസ്,കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ,2011

ചട്ടം.34(3)(b) @40രൂപ/സ്ക്വയർ മീറ്റർ

വിസ്തീർണ്ണം - 64.37സ്ക്വയർ മീറ്റർ

ഈടാക്കിയത്

| | |
|---|---|
| അടിസ്ഥാന വസ്തു നികുതി | 64.37@6 രൂപ സ്ക്വയർ മീറ്റർ<br>386.22 |
| വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ<br>അഞ്ചു മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള | 79.244 |

| | |
|---|---|
| വഴി@20% | |
| ഗ്രന്ഥശാല വരി@5% | 24 |
| ആകെ | 489 |

ഈടാക്കേണ്ടത്

| | |
|---|---|
| അടിസ്ഥാന വസ്തു നികുതി | 64.37@40രൂ സ്ക്വയർ മീറ്റർ<br>2575 |
| വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ<br>അഞ്ചു മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴി@20% | 515 |
| ആകെ | 3090 |
| ഗ്രന്ഥശാല വരി@5% | 154 |
| ആകെ | 3244 |

വസ്തു നികുതി ഈടാക്കിയതിലെ വ്യത്യാസം - 2755 രൂപ.

(2)ഉടമസ്ഥന്റെ പേര് - സാറാമ്മ മാത്യൂ

വാർഡ് നം - 18

കെട്ടിട നം - 701

വിനിയോഗം - ഗണം A2-ലോഡ്ജിംഗ് ഹൗസ്,കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ,2011

ചട്ടം.34(3)(b) @40രൂ/സ്ക്വയർ മീറ്റർ

വിസ്തീർണ്ണം - 67.69സ്ക്വയർ മീറ്റർ

ഈടാക്കിയത്

| | |
|---|---|
| അടിസ്ഥാന വസ്തു നികുതി | 67.69 @ 6രൂ.സ്ക്വയർ മീറ്റർ<br>406.14 |
| വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ | 81.228 |

| | |
|---|---|
| അഞ്ചു മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴി@20% | |
| ഗ്രന്ഥശാല വരി@5% | 25 |
| ആകെ | 512 |

ഈടാക്കേണ്ടത്

| | |
|---|---|
| അടിസ്ഥാന വസ്തു നികുതി | 67.69@40രൂ.സ്ക്വയർ മീറ്റർ<br>2708 |
| വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ<br>അഞ്ചു മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴി@20% | 542 |
| ആകെ | 3250 |
| ഗ്രന്ഥശാല വരി@5% | 162 |
| ആകെ | 3412 |

വസ്തു നികുതി ഈടാക്കിയതിലെ വ്യത്യാസം - 2900 രൂപ.

(II)100 സ്ക്വയർ മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് സ്ക്വയർ മീറ്ററിന് 60 രൂപ നിരക്കിൽ നികുതി ഈടാക്കണമെന്നിരിക്കെ അവയെ ഓഫീസ് ആവശ്യത്തിനായുള്ള കെട്ടിടങ്ങളായി കണക്കാക്കി നികുതി സ്ക്വയർ മീറ്ററിന് 40 രൂപ ക്രമത്തിൽ ഈടാക്കിയതുമൂലം ചുവടെ പറയും പ്രകാരം നഷ്ടം ഉണ്ടായിട്ടുണ്ട്

ഉടമസ്ഥന്റെ പേര് - സൂസന്നാമ്മ ബേബിക്കുട്ടി, അനിൽ.ജി.ബേബിക്കുട്ടി, അബു.ജി.ബേബി, അനു.ജി.ബേബി

വാർഡ് നം - 1

കെട്ടിട നം - 660

വിനിയോഗം - ഗണം F- കച്ചവടം/വാണിജ്യം,കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ,2011

ചട്ടം.34(3)(g) @60രൂ /സ്ക്വയർ മീറ്റർ

വിസ്തീർണ്ണം - 121.28സ്ക്വയർ മീറ്റർ

ഈടാക്കിയത്

| | |
|---|---|
| അടിസ്ഥാന വസ്തു നികുതി | 121.28@40രൂ.സ്ക്വയർ മീറ്റർ<br>4851.2 |
| വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ<br>അഞ്ചു മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴി@20% | 970.24 |
| ഗ്രന്ഥശാല വരി@5% | 292 |
| ആകെ | 6114 |

ഈടാക്കേണ്ടത്

| | |
|---|---|
| അടിസ്ഥാന വസ്തു നികുതി | 121.28@60രൂ/സ്ക്വയർ മീറ്റർ<br>7277 |
| വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ<br>അഞ്ചു മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴി@20% | 1455 |
| ആകെ | 8732 |
| ഗ്രന്ഥശാല വരി@5% | 437 |
| ആകെ | 9169 |

വസ്തു നികുതി ഈടാക്കിയതിലെ വ്യത്യാസം - 3055 രൂപ.

മേൽ വിഷയം സംബന്ധിച്ച് 29/07/2017-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.19ന് ക്രമനം(I)ൽ പരാമർശിച്ച കെട്ടിടങ്ങളുടെ നികുതിയിനത്തിൽ കുറവു വന്ന തുക 29/07/17-ലെ 117090101315, 117090101316 രസീതുകൾ പ്രകാരം ഒടുക്കു വരുത്തിയതായും, ക്രമ നം.(II)ൽ പരാമർശിച്ച കെട്ടിടത്തിന്റെ കുറവു വന്ന നികുതി തുക ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി.

ക്രമ നം.(II)ൽ പരാമർശിച്ച കെട്ടിടത്തിന് നികുതി ഇനത്തിൽ കുറവു വന്ന തുക കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 അനുശാസിക്കും പ്രകാരം

കെട്ടിട നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായി സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് പ്രീമിയം തുക ഒടുക്കുന്നില്ല

താഴെ പറയുന്ന ജീവനക്കാർ സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് ഇനത്തിൽ അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായി പ്രതിമാസ പ്രീമിയം തുക ഒടുക്കുന്നില്ല.വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നം | ഉദ്യോഗസ്ഥന്റെ പേര്/തസ്തിക | അടിസ്ഥാന ശമ്പളം | 01/01/17 മുതൽ ഒടുക്കേണ്ട നിരക്ക് ജി.ഒ.(പി) 149/16 /ഫിൻ തീയതി 04/10/16 പ്രകാരം | ഒടുക്കിയത് | കുറവ് |
|---|---|---|---|---|---|
| 1 | അജിത്ത് മോഹൻ<br>അക്കൗണ്ടന്റ് | 33100 | 300 | 150 | 150 |
| 2 | പ്രദീപ്.ജി<br>സീനിയർ ക്ലർക്ക് | 30700 | 300 | 150 | 150 |
| 3 | സൗര.ഐ<br>സീനിയർ ക്ലർക്ക് | 28500 | 300 | 200 | 100 |
| 4 | രാജേഷ് കുമാർ.ആർ<br>സീനിയർ ക്ലർക്ക് | 28500 | 300 | 250 | 50 |

മേൽ വിഷയം സംബന്ധിച്ച് 27/07/17-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.12ന് മറുപടി ലഭ്യമാക്കിയില്ല. മേല്പറഞ്ഞ ജീവനക്കാരിൽ നിന്നും അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായി സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് പ്രതിമാസ പ്രീമിയം തുക ഈടാക്കേണ്ടതാണ്.

### 3-2 മഴക്കാല പൂർവ്വ ശുചിത്വ ക്യാമ്പയിൻ 2016 – ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിച്ചില്ല,ചെലവ് രേഖകൾ ഹാജരാക്കിയില്ല – ചെലവ് തുക

തടസ്സപ്പെടുത്തുന്നു.

കരീപ്ര ഗ്രാമപഞ്ചായത്തിന്റെ 18 വാർഡുകളിലേക്ക് മഴക്കാല രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി വാർഡൊന്നിന് 5000/-രൂപ വീതം 90,000/-രൂപ (ചെക്ക് നം.4303765 തീയതി.30/06/2016) മെഡിക്കൽ ഓഫീസർ ഇൻ ചാർജ്, സി.എച്ച്.സെന്റർ, നെടുമൺകാവിന് കൈമാറിയിരുന്നു.

മഴക്കാല പൂർവ്വ ശുചിത്വ ക്യാമ്പയിൻ-2016 സംബന്ധിച്ച് 02/04/2016ലെ നം.201/ഡി സി 1/2016/തസ്വഭവ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പഞ്ചായത്തിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുതല പ്രവർത്തകരേയും സന്നദ്ധ പ്രവർത്തകരേയും ഏകോപിപ്പിച്ച് വാർഡ് തലത്തിൽ സംഘടിപ്പിക്കേണ്ട ശുചിത്വ പ്രവർത്തനങ്ങളുടെ കണ്ടെത്തലും ആസൂത്രണവും കർമ്മ പരിപാടികളും തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കുകയായിരുന്നു ലക്ഷ്യം. ഏപ്രിൽ മാസം ആരംഭിച്ച് ജൂൺ അവസാനം വരെ നീണ്ടു നിൽക്കുന്ന വിപുലമായ കർമ്മ പരിപാടികൾ സംഘടിപ്പിക്കണം. പ്രസ്തുത സർക്കുലർ പ്രകാരം 02/05/16 മുതൽ വാർഡ് തല ശുചിത്വാരോഗ്യ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

എന്നാൽ മഴക്കാല പൂർവ്വ ശുചിത്വ ക്യാമ്പയിൻ 2016 നായി 30/06/2016ന് തുക അനുവദിച്ചത് മെഡിക്കൽ ഓഫീസർ കൈപ്പറ്റിയിരിക്കുന്നത് 04/07/2016 നാണ് (കത്ത് നം. 264/2016). ഈ സാഹചര്യത്തിൽ സർക്കുലറിൽ നിർദ്ദേശിച്ച കാലയളവിനുള്ളിൽ (ജൂൺ 30,2016) പ്രസ്തുത ക്യാമ്പയിൻ നടപ്പിലാക്കിയതായി കാണുന്നില്ല.തന്മൂലം പ്രസ്തുത ക്യാമ്പയിന്റെ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിച്ചില്ല എന്നു വിലയിരുത്തുന്നു.

പ്രസ്തുത ചെലവിനെ സാധൂകരിക്കുന്ന ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

മേൽ വിഷയം സംബന്ധിച്ച് 27/7/2017ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.14ന് മറുപടി ലഭ്യമാക്കിയില്ല.

ചെലവ് സംബന്ധിച്ച രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ മഴക്കാല പൂർവ്വ ശുചിത്വ ക്യാമ്പയിൻ 2016 നായി ചെലവഴിച്ച 90000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ -പ്രവർത്തനക്ഷമമായ പൊതു ടാപ്പുകളുടെ എണ്ണം ലഭ്യമല്ല

കരീപ്ര ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 440 പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതി വർഷം 23,10,000 രൂപ (പ്രതിമാസം ടാപ്പൊന്നിന്

437.50 രൂപ നിരക്കിൽ 1,92,500 രൂപ) കേരള വാട്ടർ അതോറിറ്റിക്ക് നൽകുന്നുണ്ട്. 440 പൊതു ടാപ്പുകളുടെ വാർഡ് തിരിച്ചുള്ള വിശദ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ, കേരള വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ, ആയതിന്റെ വിവരം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ 24/07/17-ലെ ഓഡിറ്റ് എൻക്വയറി നം.13ന് മറുപടി ലഭ്യമാക്കിയില്ല.

കേരള വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി വാർഡ് തലത്തിൽ പ്രവർത്തനക്ഷമമായ പൊതു ടാപ്പുകളുടെ എണ്ണം കണ്ടെത്തുക വഴി പഞ്ചായത്തിന് വെള്ളക്കരം ഇനത്തിലെ അധിക ചെലവ് നിയന്ത്രിക്കാൻ സാധിക്കും. എന്നാൽ നാളിതുവരെ ഇത്തരത്തിലുള്ള സംയുക്ത പരിശോധന നടത്തിയതായി കാണുന്നില്ല.

കേരള വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി വാർഡ് തലത്തിൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം കണ്ടെത്തി, ആയത് രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 3-4 ഗ്രാമസഭ യഥാസമയം കൂടുന്നില്ല

കേരളാ പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും സെക്ഷൻ 3(3)പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഗ്രാമസഭ കൂടേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു.

പഞ്ചായത്തിലെ 18 വാർഡുകളിലും അവസാനമായി ഗ്രാമസഭ കൂടിയിരിക്കുന്നത് 2016-17 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ ഗുണഭോക്താക്കളെ കണ്ടെത്താനായി 2016 നവംബറിലാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് | ഗ്രാമസഭ അവസാനം കൂടിയ തീയതി |
|---|---|
| തൃപ്പലഴികം | 12-11-16 |
| ചൊവ്വള്ളൂർ | 13-11-16 |

| | |
|---|---|
| ഇടയ്ക്കിടം | 13-11-16 |
| ഗുരുനാഥൻമുകൾ | 10-11-16 |
| കടയ്ക്കോട് | 12-11-16 |
| ഇലയം | 12-11-16 |
| പ്ളാക്കോട് | 13-11-16 |
| കരീപ്ര | 13-11-16 |
| മുളവൂർകോണം | 11-11-16 |
| വാക്കനാട് | 13-11-16 |
| ഉളകോട് | 11-11-16 |
| നെടുമൺകാവ് | 13-11-16 |
| ഏറ്റുവായ്ക്കോട് | 13-11-16 |
| കുടിക്കോട് | 13-11-16 |
| മടന്തകോട് | 13-11-16 |
| തളവൂർകോണം | 12-11-16 |
| ചൂരപൊയ്ക | 10-11-16 |
| കുഴിമതിക്കാട് | 13-11-16 |

കേരള പഞ്ചായത്ത് രാജിൽ പ്രതിപാദിക്കും പ്രകാരം നിശ്ചിത ഇടവേളകളിൽ ഗ്രാമസഭ വിളിച്ചു കൂട്ടുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ- മരുന്ന് ലഭ്യമായില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്റ്റ് നം. 70/17 പ്രകാരം ഹോമിയോ ആശുപത്രിയ്ക്ക് വിവിധ മരുന്നുകൾ വാങ്ങുന്നതിനായി ബിൽ നം. 18/16-17/22.3.17 മുഖേന വികസനഫണ്ടിൽ നിന്നും 25,489/- രൂപയും ബിൽ നം. 17/16-17/22.3.2017 മുഖേന മെയിന്റനൻസ് ഫണ്ടിൽ (നോൺ റോഡ്) നിന്നും 74,511/- രൂപയും ചേർത്ത് 1,00,000/- രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും മരുന്ന് ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണത്തിൽ അപാകതകൾ- സെന്റേജ് ചാർജ് അധികം നൽകി

30.7.2014-ലെ ജി.ഒ.(പി)311/14/ഫിൻ പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകാവുന്ന സെന്റേജ് ചാർജ് 8% ആണ്. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്റ്റ് നം.230/17 പ്രകാരം വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടലിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരളാ വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ, കുണ്ടറ മുഖേന ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന് അവരുടെ എസ്റ്റിമേറ്റ് പ്രകാരം ഒടുക്കിയ തുകയിൽ സെന്റേജ് ചാർജിനത്തിൽ അധികം തുക ഉൾപ്പെട്ടിട്ടുണ്ട്.കൂടാതെ ടി സർക്കാർ ഉത്തരവ് പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾക്ക് മുൻകൂറായി എസ്റ്റിമേറ്റിന്റെ 20% തുകയും തുടർന്നുള്ള തുകകൾ ചെയ്ത പ്രവൃത്തിയുടെ മൂല്യമനുസരിച്ച് 15% -ൽ കവിയാതെ 5 ഗഡുക്കളായുമാണ് നല്കേണ്ടത്. എന്നാൽ ഇതിനുവിരുദ്ധമായി മുഴുവൻ തുകയും ആദ്യം തന്നെ നൽകി. പ്രവൃത്തി പൂർത്തിയാക്കിയത് സംബന്ധിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുമില്ല.

വിശദാംശം ചുവടെ ചേർക്കുന്നു;

എസ്റ്റിമേറ്റ് പ്രകാരം ആകെ തുക = 15,39,410/-രൂപ

ഈടാക്കിയ സെന്റേജ് ചാർജ്(12.5% നിരക്കിൽ)= 1,70,818/- രൂപ
(13,66,541 x 12.5%)

അനുവദനീയമായ സെന്റേജ് ചാർജ്(8% നിരക്കിൽ) =1,09,323/-രൂപ

സെന്റേജ് ചാർജിനത്തിൽ അധികം നൽകിയ തുക= 61,495/-രൂപ

(170818-109323)

ബിൽ നം. : 21/16-17/23.3.2017=12,66,866/-(വികസന ഫണ്ട്)

22/16-17/23.3.2017=2,72,544/-(ധനകാര്യ കമ്മീഷൻ)

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.2/20.7.2017-ന് കേരളാ വാട്ടർ അതോറിറ്റിയോട് വിശദീകരണം ആരാഞ്ഞിട്ടുണ്ടെന്ന് മറുപടി നൽകി. സെന്റേജ് ചാർജിനത്തിൽ അധികം നൽകിയ തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 15,39,410/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 29547/-രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല - ചെലവ് തടസ്സം

ആയുർ വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നം. 71/17)

പദ്ധതിയ്ക്കായി മെയിന്റനൻസ് ഫണ്ട് റോഡിതരത്തിൽ നിന്നും 5,00,000/-രൂപ വകയിരുത്തിയതിൽ നിന്നും ബിൽ നം.1/16-17 തീയതി -21-10-2017 പ്രകാരം 5,00,000/- രൂപ പിൻവലിച്ച് ഔഷധിക്ക് നൽകിയിട്ടുണ്ട്. (പ്രൊഫോർമ ഇൻവോയ്സ് നം.97/06-10-2016 ). 29547/-രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കുവാനുണ്ട്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.3/16-17 തീയതി.20-07-17) മരുന്ന് ഉടൻ ലഭ്യമാക്കാമെന്ന് ഔഷധി അറിയിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മരുന്ന് ലഭിക്കുമ്പോൾ സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്. അതുവരെ 29547/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-8 ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചിട്ടില്ല-ഗ്രൂപ്പുകൾക്ക് ആനുകൂല്യ വിതരണം

പ്രോജക്ട് -തരിശു ഭൂമിയിൽ ജൈവ കിഴങ്ങുവർഗ്ഗ വിള വികസനം

നം.217/17

നിർവ്വഹണം-കൃഷിഓഫീസർ

അടങ്കൽ -5,60,000/-രൂപ
(വികസനഫണ്ട് 1,75,000/-രൂപ ഗുണഭോക്തൃ വിഹിതം നേരിട്ട് 3,85,000/-രൂപ)

ചെലവ് -60,000/-രൂപ (ബിൽ നം.15/16-17/29-03-17)

മേൽ പദ്ധതിയുടെ ഭാഗമായി 15 ഗ്രൂപ്പുകൾക്ക് 4000/-രൂപ വീതം സബ്സിഡി

നൽകിയിട്ടുണ്ട്.പഞ്ചായത്തിന്റെ പദ്ധതി നടത്തിപ്പിന്റെ ഭാഗമായി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ടി പദ്ധതിയ്ക്ക് വേണ്ടിയുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നില്ല. 1-03-2017ലെ I(7)-ാം നമ്പർ തീരുമാനപ്രകാരം വനിതാ ഗ്രൂപ്പുകളെ അംഗീകരിച്ച് തീരുമാനിക്കുകയും അടുത്ത ഗ്രാമസഭാ യോഗത്തിൽ സാധൂകരണത്തിനായി നൽകുവാൻ തീരുമാനമെടുക്കുകയും ചെയ്തുകൊണ്ട് നിർവ്വഹണോദ്യോഗസ്ഥനെ പദ്ധതി നിർവ്വഹണത്തിനായി ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ 2016 നവംബർ മാസത്തിന് ശേഷം നാളിതുവരെ പഞ്ചായത്തിൽ ഗ്രാമസഭ കൂടിയിട്ടില്ല.

ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കാത്ത ടി പദ്ധതിക്ക് വേണ്ടി ആനുകൂല്യം വിതരണം ചെയ്തത് സംബന്ധിച്ച ഓഡിറ്റന്വേഷണം (നം.17/16-17 തീയതി 27-07-17)നൽകിയതിന് മേൽ പരാമർശിച്ചിട്ടുള്ള വിവരങ്ങളാണ് നിർവ്വഹണോദ്യോഗസ്ഥൻ മറുപടിയായി അറിയിച്ചിട്ടുള്ളത്.ഇനി കൂടുന്ന ഗ്രാമസഭയിൽ വച്ച് അംഗീകരിച്ച് വിവരം അറിയിക്കാമെന്ന് കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്. അപ്രകാരം ചെയ്ത് വിവരം അറിയിക്കുന്നതുവരെ 15 ഗ്രൂപ്പുകൾക്ക് 4000/-രൂപ വീതം സബ്സിഡി അനുവദിച്ചയിനത്തിലുള്ള 60000/-രൂപ തടസ്സപ്പെടുത്തുന്നു.

## **3-9** പാലിയേറ്റീവ്കെയർ പദ്ധതി -വിഭാവനം ചെയ്ത പോലെ പദ്ധതി നടപ്പിലാക്കിയില്ല, **190400/-**രൂപ തടസ്സം,**56000/-**രൂപ നിരാകരണം

പാലിയേറ്റീവ് കെയർ പദ്ധതി (നം.59/17 )ക്കായി വികസനഫണ്ടിൽ നിന്നും 400000/-രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 200000/-രൂപയും വകയിരുത്തിയതിൽ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

പദ്ധതിയുടെ ധനകാര്യവിശകലനം ചുവടെ ചേർക്കും പ്രകാരമാണ്.

| ഇനം | യൂണിറ്റിന്റെ വില | എണ്ണം | ചെലവ് |
|---|---|---|---|
| മരുന്ന് വാങ്ങൽ | 92400 | 1 | 92400 |
| വീൽചെയർ | 5000 | 5 | 25000 |
| എയർബെഡ് | 2500 | 5 | 12500 |
| വാട്ടർബെഡ് | 2000 | 5 | 10000 |
| ഫീഡിംഗ് ട്യൂബ് | 250 | 250 | 62500 |
| കൊളോസ്റ്റമി ബാഗ് | 200 | 20 | 4000 |
| ഡയപ്പർ | 50 | 800 | 40000 |

| ആകെ 246400 |
|---|

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

1)കിടപ്പ് രോഗികൾക്കാവശ്യമായ മുകളിൽ പട്ടികയിൽ പറഞ്ഞിട്ടുള്ള സാധനങ്ങൾക്കായി കെ.എം.എസ്.സി.എൽ ന്റെ ഇൻവോയ്സ് (നം.പി.ആർ.എഫ്.3726 തീയതി.18-03-17 തുക 190400/-)പ്രകാരം 190400/-രൂപ വികസനഫണ്ടിൽ നിന്നും(ബിൽ നം.8/16-17 തീയതി.21-03-17) നൽകിയിട്ടുണ്ട്. ടി ഇൻവോയ്സിൻ പ്രകാരമുള്ള

മരുന്നും സാധനങ്ങളും ലഭ്യമായിട്ടുണ്ടെങ്കിൽ സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ (ഓഡിറ്റന്വേഷണം നം.18/16-17 /29-07-2016) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

2.ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭിച്ചതിൽ നിന്നും 56000/-രൂപാ കെ.എം.എസ്.സി.എൽ ന്റെ ഇൻവോയ്സ് നം.പി.ആർ.എഫ്.93 തീയതി.22-05-17 തുക 56000/-പ്രകാരം 28-03-2017ൽ നൽകിയിരിക്കുന്നു എന്ന് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു.ടി ഇൻവോയ്സ് ചെലവ് രേഖകൾക്കൊപ്പം ഹാജരാക്കിയിട്ടുമുണ്ട്.

(i) 28-03-2017ൽ നൽകിയ ഓഡിറ്റന്വേഷണത്തിന് 22-05-2017 ലെ ഇൻവോയ്സിൻ പ്രകാരം 28-03-2017 ൽ ചെലവ് നടത്തിയത് എങ്ങനെയെന്ന് വ്യക്തമല്ല.

(ii) ടി ഇൻവോയ്സിൻ പ്രകാരമുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങൾ ഉൾപ്പെടെ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

(iii)ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 2,00,000/-രൂപ 08-02-2017 ലെ ചെക്ക് നം 11807 തുക 184100/-രൂപ, 30-03-2017ലെ ചെക്ക് നം.14146 തുക 15900/-എന്നിവ പ്രകാരമാണ് സി.എച്ച്.സിക്ക് നൽകിയിട്ടുള്ളത്. ടി തുകകൾ യഥാക്രമം 14-02-2017, 25-05-2017 തീയതികളിലാണ് ഗ്രാമപഞ്ചായത്തിന്റെ ജില്ലാ സഹകരണബാങ്കിലെ 030531201020001 അക്കൗണ്ടിൽ നിന്നും ക്യാഷായി മാറിയിട്ടുള്ളത്. ടി തുകകൾ സി.എച്ച്.സി മെഡിക്കലോഫീസറുടെ ക്യാഷ് ബുക്ക് പ്രകാരം മാറിയിരിക്കുന്നത് യഥാക്രമം 28-03-2017, 30-03-2017 തീയതികളിലും. മേൽ വൈരുദ്ധ്യങ്ങൾ എങ്ങനെ സംഭവിച്ചു എന്ന് വ്യക്തമാക്കേണ്ടതും പാസ് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണെന്ന്

ആവശ്യപ്പെട്ടിട്ടും മറുപടി നൽകിയിട്ടില്ല.

ടി ഇൻവോയ്സിൻ പ്രകാരമുള്ള തുക കെ.എം.എസ്.സി.എൽ ന് കൈമാറിയതിന്റെ യാതൊരു രേഖകളും ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല. മേൽ സാഹചര്യത്തിൽ ഈ ചെലവ് (56000/-രൂപ)ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

3)പാലിയേറ്റീവ് കെയർ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ വാട്ടർബെഡ്,എയർബെഡ് തുടങ്ങി കിടപ്പ് രോഗികൾക്കാവശ്യമായ സാധനങ്ങൾ ഒന്നും തന്നെ സ്റ്റോക്കിലില്ല.പ്രോജക്ട് വിഭാവനം ചെയ്തപ്പോൾ1,54,000/-രൂപയുള്ള സാധനങ്ങൾ വാങ്ങുവാൻ ഉദ്ദേശിച്ചിരുന്നുവെങ്കിലും പരിശോധനയ്ക്ക് ഹാജരാക്കിയ ഇൻവോയ്സിൻ പ്രകാരം92258/-രൂപയുടെ സാധനങ്ങൾ മാത്രമേ ആവശ്യപ്പെട്ടിട്ടുള്ളൂ. കിടപ്പു രോഗികൾക്ക് ആവശ്യമുണ്ടായിട്ടും സാധനങ്ങൾ ലഭ്യമാക്കുന്നതിൽ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധ പുലർത്തുന്നില്ല.

2015-16 വർഷം പ്രോജക്ട് നം.27/16 പ്രകാരം സാന്തനപരിചരണം പദ്ധതിക്ക് മരുന്നു വാങ്ങലിനായി കെ.എം.എസ്.സി.എൽ ന് നൽകിയ 104000/- രൂപയുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ,അനുബന്ധരേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയിട്ടില്ല.

കെ.എം.എസ്.സി.എൽ നിന്നും ലഭിക്കാത്ത മരുന്നിന്റെയും ഉപകരണങ്ങളുടെയും ചെലവ് 1,90,400/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഖണ്ഡിക 2-ൽ പറഞ്ഞിരിക്കുന്ന കാരണങ്ങളാൽ 56,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

സാന്ത്വനപരിചരണം പോലെ അതീവ പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ട ഒരു പദ്ധതി; പദ്ധതി തുക ചെലവഴിക്കുവാൻ വേണ്ടി മാത്രം നടപ്പിലാക്കിയ മേൽ രീതികളെ ഓഡിറ്റ് ഗൗരവത്തോടെ വീക്ഷിക്കുന്നു. കെ.എം.എസ്.സി.എൽ നിന്നും ലഭിക്കുവാനുള്ള മരുന്നും ഉപകരണങ്ങളും അടിയന്തിരമായി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-10** <u>പാലിയേറ്റീവ് കെയർ പദ്ധതി -ബ്ലോക്ക് വിഹിതം തിരികെ നൽകേണ്ടതാണ്.</u>

പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി 30.3.2017-ൽ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 1,20,000/-രൂപ ലഭിക്കുകയുണ്ടായി. പാലിയേറ്റീവ് കെയറിനായി പ്രോജക്റ്റ് നം.59/17 പ്രകാരം വികസനഫണ്ടിൽ നിന്നും 4,00,000/-രൂപയും ബ്ലോക്ക് വിഹിതമായി 2,00,000/-രൂപയും ചേർത്ത്

വകയിരുത്തിയ 6,00,000/-രൂപ തൻവർഷം ചെലവഴിച്ചിട്ടുള്ളതിനാലും ബ്ലോക്ക് വിഹിതം ഉൾപ്പെടുത്തി പാലിയേറ്റീവ് കെയറിനായി മറ്റു പ്രോജക്റ്റുകൾ തയ്യാറാക്കിയിട്ടില്ലാത്തതിനാലും പ്രസ്തുത 1,20,000/-രൂപ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ ബാക്കിനിൽക്കുകയാണ്. ആയതിനാൽ ടി തുക ബ്ലോക്ക് പഞ്ചായത്തിന് തിരികെ നൽകേണ്ടതാണ്.

## 3-11 ഭവനപുനരുദ്ധാരണം എസ്.സി.പി-വിശദമായ വാലുവേഷൻസർട്ടിഫിക്കറ്റ് ഹാജരാക്കും വരെ 350000/-രൂപ തടസ്സപ്പെടുത്തുന്നു.

2016-17 ൽ സ്പിൽ ഓവറായി നിർവ്വഹണം നടത്തിയ ഭവനപുനരുദ്ധാരണം എസ്.സി.പി പദ്ധതി(പ്രോജക്ട് നം.61/17)യ്ക്ക് വേണ്ടി വികസനഫണ്ട് (എസ്.സി.പി)ൽ നിന്നും 385324/- രൂപ, തനത് ഫണ്ടിൽ നിന്നും 64676/-രൂപയും വകയിരുത്തിയതിൽ 3,50,000/-രൂപ ചെലവഴിച്ച് 14പേർക്ക് 25000/- രൂപാ വീതം ഭവനപുനരുദ്ധാരണത്തിനായി നൽകുകയുണ്ടായി.ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽനം./തീയതി | തുക |
|---|---|
| 14/16-17 തീയതി 27-02-2017 | 25000 |
| 16/16-17 തീയതി 14-03-2017 | 50000 |
| 19/16-17 തീയതി 22-03-2017 | 100000 |
| 21/16-17തീയതി.25-03-2017 | 25000 |
| 24/16-17തീയതി.30-03-2017 | 75000 |
| 61/16-17 തീയതി.30-03-2017 | 75000 |

1.ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ റഫ് എസ്റ്റിമേറ്റാണ് നൽകിയിട്ടുള്ളത്.

2.ഓവർസിയർ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള വാലുവേഷൻ സർട്ടിഫിക്കറ്റിൽ ഭവനപുനരുദ്ധാരണത്തിനായി എത്ര രൂപാ ചെലവഴിച്ചു എന്നു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

പരിശോധനയ്ക്ക് ഹാജരാക്കിയ രേഖകളിൽ നിന്നും ഭവനപുനരുദ്ധാരണത്തിന്

ഏതൊക്കെ ഇനങ്ങളിലാണ് തുക ചെലവഴിച്ചിരിക്കുന്നതെന്ന് വ്യക്തമല്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് (ഓഡിറ്റന്വേഷണം നം.5/16-17/21-07-2017) ലഭ്യമാക്കിയ ഗുണഭോക്താവ് നൽകിയ റഫ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകിയതെന്ന മറുപടി അംഗീകരിക്കാനാവില്ല.

വിശദമായ വാല്യുവേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച 3,50,000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-12 ഗവൺമെന്റ് ഉത്തരവിന് വിരുദ്ധമായി മുൻകൂർ തുക നൽകി-8,16,037/-രൂപ തടസ്സപ്പെടുത്തുന്നു

എസ്.സി കോളനികളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതിയ്ക്കായി (നിർവ്വഹണോദ്യോഗസ്ഥൻ - അസി.സെക്രട്ടറി) വികസനഫണ്ട് (എസ്.സി.പി)യിൽ നിന്നും വകയിരുത്തിയിരുന്ന 8,50,000/-രൂപ ബിൽ നം.17/16-17/21-03-2017പ്രകാരം പിൻവലിച്ച് കേരളാ വാട്ടർ അതോറിറ്റിയിൽ നൽകിയിരിക്കുന്നു. (എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 15-03-2017ലെ DB1(G)/PHDn /1890/KTR/2016 തുക 4,00,000/-രൂപ ,17-03-2017ലെ DB1(G)/PHDn/1890/KTR /2016, തുക 4,50,000/-രൂപ എന്നീ നമ്പരിലെ എസ്റ്റിമേറ്റിൻ പ്രകാരം) ജി.ഓ(പി) നം.311/14/ ഫിൻ / 30-07-2014 പ്രകാരം ആദ്യഗഡുവായി എസ്റ്റിമേറ്റ് തുകയുടെ 20%വും 2മുതൽ 5 വരെ തുല്യ ഗഡുക്കളായി എസ്റ്റിമേറ്റിന്റെ 15% വീതവും പദ്ധതി പൂർത്തീകരിച്ച് നിരീക്ഷണകാലയളവ് കഴിയുമ്പോൾ അവശേഷിക്കുന്ന 5% തുകയുമാണ് നൽകേണ്ടത്. ഇപ്രകാരം മുൻകൂർ തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റന്വേഷണം നം.4/16-17 തീയതി.21-07-17)ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.

വാട്ടർ അതോറിറ്റിയുടെ മേൽ പരാമർശിത എസ്റ്റിമേറ്റിൻ പ്രകാരം 12.5% സെന്റേജ് ചാർജാണ് നൽകിയിരിക്കുന്നത്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.എന്നാൽ ജി.ഓ(പി) നം.311/14/ ഫിൻ തീയതി. 30-07-2014 നമ്പർ ഉത്തരവിൻ പ്രകാരം 8% സെന്റേജ് ചാർജാണ് നൽകേണ്ടത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| എസ്റ്റിമേറ്റ്തുക | സെന്റേജ് ചാർജ് നൽകിയത് | സെന്റേജ് ചാർജ് നൽകാവുന്നത് | അധികം നൽകിയത് |
|---|---|---|---|

| | | | |
|---|---|---|---|
| 355061 | 44382 | 28405 | 15978 |
| 399684 | 49960 | 31975 | 17985 |

സെന്റേജ് ചാർജിനത്തിൽ അധികം നൽകിയ33963/-രൂപ തിരികെ ഈടാക്കാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറിയുടെ ബാധ്യതയായി നിർണയിക്കുന്നതായിരിക്കും.

മേൽ പദ്ധതിയ്ക്കായി ചെലവഴിച്ച തുകയുടെ 8,16,037/-രൂപ (8,50,000-33,963) വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കും വരെ 8,16,037/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## **3-13** ഭിന്നശേഷിയുള്ളവർക്കുള്ള ജില്ലാ പഞ്ചായത്ത് പദ്ധതിക്ക് വിഹിതം നൽകൽ വിനിയോഗ വിശദാംശങ്ങളില്ല-**2,50,000/-**രൂപ ചെലവ് തടസ്സം

ഭിന്ന ശേഷിയുള്ളവർക്കുള്ള ജില്ലാ പഞ്ചായത്ത് പദ്ധതിക്ക് വിഹിതം നൽകൽ (പ്രോജക്ട് നമ്പർ നം.60/16-17)പദ്ധതിയ്ക്കായി വികസനഫണ്ടിൽ നിന്നും വകയിരുത്തിയിരുന്ന 2,50,000/- രൂപ നിർവ്വഹണോദ്യോഗസ്ഥയായ ഐ.സി.ഡി.എസ്.സൂപ്പർവൈസർ (ബിൽ നം.7/16-17 തീയതി.27-03-2017) ജില്ലാ പഞ്ചായത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ ടി തുകയുടെ വിനിയോഗവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കും വരെ 2,50,000/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## **3-14** എസ്.എസ്.എ.വിഹിതം നൽകൽ-വിനിയോഗ വിശദാംശങ്ങളില്ല

1) പ്രോജക്ട് - എസ്.എസ്.എ.വിഹിതം നൽകൽ (ജനറൽ)

നം.102/16-17

നിർവ്വഹണം-ഹെഡ്മാസ്റ്റർ,ഗവ.എൽ.പി.എസ്.കരീപ്ര

അടങ്കൽ - 4,00,000/-രൂപ(വികസനഫണ്ട് ജനറൽ)

ചെലവ് -4,00,000/-രൂപ(ബിൽ നം.1/16-17തീയതി.30-01-17)

2)പ്രോജക്ട് - എസ്.എസ്.എ.വിഹിതം നൽകൽ(എസ്.സി.പി)

നം.103/16-17

നിർവ്വഹണം-ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്, കരീപ്ര

അടങ്കൽ - 1,00,000/-രൂപ(വികസനഫണ്ട് എസ്.സി.പി )

ചെലവ് -1,00,000/-രൂപ(ബിൽ നം.2/16-17തീയതി.30-01-17)

മേൽ പദ്ധതികൾക്കായി യഥാക്രമം 4,00,000/-രൂപ, 1,00,000/-രൂപ എന്നിങ്ങനെ തുകകൾ ജില്ലാപ്രോജക്ട് ഓഫീസർ, എസ്.എസ്.എയ്ക്ക് നൽകിയിട്ടുണ്ട്. ടി തുകകളുടെ വിനിയോഗ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണ(നം.16/16-17 തീയതി.27-07-17)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

വിശദമായ വിനിയോഗവിവരങ്ങൾ ലഭ്യമാക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച 5,00,000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-15 ചൂരപ്പൊയ്ക കാർഷിക സേവാ കേന്ദ്രം അറ്റകുറ്റപ്പണി- വകയിരുത്തിയ തുകയിൽ കവിഞ്ഞ് ചെലവ് ചെയ്തു

പ്രോജക്റ്റ് നം.191/17 പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ ചൂരപ്പൊയ്ക കാർഷിക സേവാകേന്ദ്രം അറ്റകുറ്റപ്പണിയ്ക്കായി ബിൽ നം.49/16-17 /29.3.2017 മുഖേന 1,85,282/-രൂപ ചെലവഴിച്ചിട്ടുണ്ട്. ടി പദ്ധതിയ്ക്കായി റോഡിതര മെയിന്റനൻസ് ഫണ്ടിൽനിന്നും 2,00,000/-രൂപ എസ്റ്റിമേറ്റ് കണക്കാക്കിയതിൽ 18,961/-രൂപ സേവന നികുതിയിനത്തിൽ വകയിരുത്തിയിട്ടുള്ളതാണ്. ഇതു കിഴിച്ചാൽ 1,81,039/-രൂപയാണ് പ്രവൃത്തിയ്ക്കായി വകയിരുത്തിയിട്ടുള്ളത്. എന്നാൽ മേൽ സൂചിപ്പിച്ച പ്രകാരം 1,85,282/- ചെലവഴിച്ചത് വഴി വകയിരുത്തിയ തുകയേക്കാൾ 4,243/- രൂപ അധികം നൽകി. എസ്റ്റിമേറ്റിൽ പറഞ്ഞതിനേക്കാൾ അധികം പ്രവൃത്തി ചെയ്തതിനാണ് തുക നൽകിയിട്ടുള്ളതെങ്കിലും പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ലാത്തതിനാൽ അധികം ചെലവഴിച്ചത് അംഗീകരിക്കാനാവില്ല. അതുകൊണ്ട് 4,243/-രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-16 റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകി.

2015-16- ൽ DSR-2014 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2016-17-ൽ സ്പിൽ ഓവറായി നടപ്പാക്കിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ഉൾപ്പെട്ട 1:2:4 അനുപാതത്തിലുള്ള റോഡ് കോൺക്രീറ്റിംഗിന് അധികനിരക്ക് നൽകിയിട്ടുണ്ട്. CPWD, Analysis of rates-2014, Volume-1 പ്രകാരം 1:2:4 റോഡ് കോൺക്രീറ്റിംഗിന് (DSR Code:4.1.3) Base rate ആയ 4753.29/- രൂപയുടെ കൂടെ PWD ചീഫ്

എഞ്ചിനീയറുടെ 15.12.2014 ലെ CD/Admin/PLA/1014/2005 സർക്കുലർ പ്രകാരം കൊല്ലം ജില്ലയ്ക്ക് 01.01.2015 മുതൽ ബാധകമായ Cost Index ആയ 1.4190 ചേർത്ത് ഗുണഭോക്തൃ സമിതിയ്ക്ക് നൽകാവുന്ന നിരക്ക് m3-ന് 6745/- രൂപയാണ്. എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ 1:2:4 റോഡ് കോൺക്രീറ്റിംഗിനു പുറമേ തറ നിരപ്പാക്കി ഉറപ്പിക്കുന്നതിന് (Flooring, DSRCode:11.7) നൽകേണ്ട നിരക്കു കൂടി നൽകിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം./ പേര് | കൺവീനറുടെ പേര്/ എം.ബുക്ക് നം. | ചെയ്ത അളവ് (ക്യുബിക്ക് മീറ്ററിൽ) / നൽകിയ തുക@ 6994/- രൂപ | അർഹമായ തുക @ 6745/- രൂപ | അധികം നൽകിയ തുക | ബിൽ/ ചെക്ക് നം. |
|---|---|---|---|---|---|---|
| 1. | 26/17-പാലോട് കാമ്പിൽ ഏലാറോഡ് കോൺക്രീറ്റിംഗ് | ശ്രീ ജോൺകുട്ടി /93 | 7.9/ 55253 | 53286 | 1967 | 4303746/ 22.2.16, 10/16-17/ 16.1.17 |
| 2. | 27/17- കണ്ണമ്പള്ളിൽ- തെറ്റിക്കുന്നിൽ ഏലാറോഡ് കോൺക്രീറ്റിംഗ് | ശ്രീഡി.ഷാജി/22 | 10.46/ 73147 | 70553 | 2594 | 3/16-17/ 28.10.16 |
| 3. | 30/17-കിടങ്ങൻ മുക്ക്- അലിമുക്ക് റോഡ് കോൺക്രീറ്റിംഗ് | ശ്രീവേണുഗോപാൽ/62 | 18.30/ 127972 | 123434 | 4538 | 76/15-16 /22.12.15, 145/15-16 /31.3.16,8 /16-17 /29.11.16 |

| | | | | | | |
|---|---|---|---|---|---|---|
| 4. | 25/17-തടത്തിവിള-കോയിപ്പുറം ഏലാറോഡ് കോൺക്രീറ്റിംഗ് | ശ്രീജോർജ്ജ് പണിക്കർ/71 | 10.46/ 73146 | 70553 | 2593 | 7/15-16 /29.11.16 |
| | ആകെ | | | | 11692 | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.10/25.7.17-ന് ബ്ലോക്ക് തലത്തിൽ അംഗീകരിച്ച് നൽകിയ നിരക്കാണ് നല്കിയിട്ടുള്ളത് എന്ന മറുപടി അംഗീകരിക്കാനാവില്ല. റോഡ് കോൺക്രീറ്റിംഗിൽ മേൽ സൂചിപ്പിച്ച പ്രകാരം അധികനിരക്ക് നൽകിയത് മൂലമുണ്ടായ 11,692/-രൂപയുടെ നഷ്ടം നിർവ്വണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയർ, ബ്ലോക്ക് തല അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-17 ഇടയ്ക്കിടം പി.എച്ച്.സബ് സെന്റർ അറ്റകുറ്റപ്പണി- അധികം തുക നൽകി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്റ്റ് നം. 189/17 പ്രകാരമുള്ള ഇടയ്ക്കിടം പി.എച്ച്. സബ് സെന്റർ അറ്റകുറ്റപ്പണി എന്ന പ്രവൃത്തിയുടെ 8-ാം ഇനമായ 40x20x15cm വലിപ്പത്തിലുള്ള സിമന്റ് കോൺക്രീറ്റ് ബ്ലോക്കുകൾ ഉപയോഗിച്ചുള്ള കല്ലുകെട്ടൽ 8.0359m3 ചെയ്തതിന് m3-ന് 5444.25/- രൂപ നിരക്കിൽ 43,750/- രൂപ കൺവീനർ ശ്രീമതി ലീലാമണിക്ക് നൽകിയിട്ടുണ്ട് (ബിൽ നം.70/16-17/31.3.2017). ഹാജരാക്കിയ ബില്ല്, ഗുണഭോക്തൃസമിതിയുടെ മിനിട്ട്സ് എന്നിവ പ്രകാരം 30x20x15cm വലിപ്പത്തിലുള്ള 400 സിമന്റ് കട്ടകളാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ ടി പ്രവൃത്തി 8.0359m3 ചെയ്യുന്നതിന് 30x20x15cm വലിപ്പത്തിലുള്ള 768 സിമന്റ് കട്ടകൾ ആവശ്യമാണ്. വ്യത്യാസമുള്ള 368 സിമന്റ് കട്ടകൾ വാങ്ങിയതിന്റെ യഥാർത്ഥ ബില്ലുകൾ ഹാജരാക്കി ഗുണഭോക്തൃസമിതി ചെലവ് തുക അവകാശപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.11/27.7.2017) യ്ക്ക് വ്യത്യാസമുള്ള തുകയ്ക്കുള്ള മറ്റൊരു ബിൽ ഉൾപ്പെടുത്താൻ വിട്ടുപോയതായി മറുപടി നൽകി. മറുപടിയോടൊപ്പം ബിൽ എന്ന പേരിൽ ഹാജരാക്കിയത് 13125/-രൂപയ്ക്കുള്ള എസ്റ്റിമേറ്റ് മാത്രമാണ്. എന്നാൽ പ്രസ്തുത ബിൽ ഉൾപ്പെടുത്താതെയുള്ള ചെലവ് ഗുണഭോക്തൃസമിതി അംഗീകരിച്ചിട്ടുള്ളതിനാലും വ്യത്യാസമുള്ള തുകയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാലും മറുപടി അംഗീകരിക്കാനാവില്ല. ചെയ്ത പ്രവൃത്തിയുടെ അളവുകൾക്ക് കരാർ ഉടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽ തുകയോ ഗുണഭോക്തൃസമിതി

യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ ഏതാണോ കുറവ് അതാണ് ഗുണഭോക്തൃസമിതിയ്ക്ക് നൽകേണ്ടത്. ഈ സാഹചര്യത്തിൽ 368 സിമന്റ് കട്ടകൾക്ക് ഡി.എസ്.ആർ.ഡേറ്റാ പ്രകാരമുള്ള 35/- രൂപ നിരക്കിൽ 12,880/- രൂപ കൺവീനർക്ക് അധികം നൽകിയത് ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-18 <u>ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം</u>

ഗ്രാമപഞ്ചായത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം 99917 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. തൻവർഷംഏറ്റെടുത്ത പദ്ധതികൾക്കായി 2,62,75,435/- രൂപയും മുൻവർഷത്തെ സ്പിൽ ഓവർ പദ്ധതികൾക്കായി 72,31,573/- രൂപയുമുൾപ്പെടെ ആകെ 3,35,07,008/- രൂപയുടെ വേതന ഘടകമുൾപ്പെടുത്തി പ്രവൃത്തികൾ നടപ്പാക്കി. പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ ഇനം | ചെലവ് തുക |
|---|---:|
| ഭൂവികസനം | 92750 |
| ഇറിഗേഷൻ ഫെസിലിറ്റിവർക്ക് | 2,05,21,170 |
| ജല സംരക്ഷണം-കനാൽ | 25,27,000 |
| ജലസ്രോതസ്സുകൾപുനരുദ്ധാരണം | 18,14,250 |
| ആകെ | 2,49,55,170 |

## 3-19 <u>സാധന ഘടകങ്ങൾ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല</u>

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം സ്ഥായിയായതും ഉല്പാദന ക്ഷമവുമായ സാമൂഹ്യ ആസ്തികളുടെ നിർമ്മാണം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികൾക്കുള്ള സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച് 31.03.12ലെ സ.ഉ(കൈ)നം.93/12/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സാധന സാമഗ്രികൾ വാങ്ങി നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കണമെന്നും ഓരോ ഗ്രാമപഞ്ചായത്തിലും വേതനം സാധനഘടകങ്ങൾ എന്നിവ 60:40 എന്ന അനുപാതത്തിൽ നില നില്ക്കത്തക്ക രീതിയിൽ സാധന ഘടകങ്ങൾ ആവശ്യമുള്ള മറ്റു പ്രവൃത്തികളുടെ കൂടെ പരമാവധി

റോഡു പ്രവൃത്തികളും ഏറ്റെടുക്കണമെന്നും 24.06.15-ലെ സ.ഉ.(കൈ)നം. 202/15 /ത.സ്വ.ഭ.വ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ സാധന ഘടകങ്ങൾ ഉപയോഗിച്ചുള്ള യാതൊരു പ്രവൃത്തികളും ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല. വേതന ഘടകം മാത്രമുള്ള പ്രവൃത്തികളാണ് നിർവഹിച്ചിട്ടുള്ളത്. മാർഗ നിർദ്ദേശങ്ങൾക്കനുസൃതമായി സാധന ഘടകങ്ങൾ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 4,00,000 | പാലിന് സബ്സിഡി | 4,00,000 | - |
| ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 1,20,000 | പാലിയേറ്റീവ് കെയർ | - | 1,20,000 |
| ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 38,813 | പുരയിടകൃഷി | 38,813 | - |
| ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 29,680 | നാളീകേര വികസനം | 29,680 | - |
| ജില്ലാ പഞ്ചായത്ത് | 2016-17 | 2,26,500 | നെൽകൃഷി | 2,26,500 | - |
| റ്റി.എസ്.സി | 2016-17 | 2,64,000 | ഓ.ഡി.എഫ് | 2,64,000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.ഡബ്ള്യൂ.എ | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21601191, 21601192 21-3-17 | 272544<br>1266860 | - | 272544<br>1266860 |
| കെ.ഡബ്ള്യൂ.എ | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21601193 21-3-17 | 8,50,000 | - | 8,50,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഹൗസിംഗ് | 522/2010 തീയതി. | 1,60,93,500 | 25,30,483 | 832566 | - | 1697917 |

| | | | | | | |
|---|---|---|---|---|---|---|
| സ്കീം | 17-02-2010 | | | | | |

•

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3-2 | 2008-09 | 3-5.4 | അക്ഷയ പരിശീലന പദ്ധതി- പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകൾ | |
| സ്പെഷ്യൽഓഡിറ്റ് റിപ്പോർട്ട്2013-14 | | 2013-14 | 4-3 | ബാങ്കിൽ ഒടുക്കാതെ 10 ലക്ഷത്തിലേറെ രൂപ അപഹരിച്ചു | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പുൾപ്പെടെ) | 65113787.62 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59008570.00 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 84815 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3825394 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-9 | | 56000 | ഡോ.ജ്യോതിലാൽ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 3-15 | | 4243 | ശ്രീമതി.അനശ്രീ, അസി.എഞ്ചിനീയർ |
| 3-16 | | 5846 | ശ്രീമതി.അനശ്രീ, അസി.എഞ്ചിനീയർ |
| 3-16 | | 5846 | ശ്രീമതി.സുനിതകുമാരി, അസി.എക്സി.എഞ്ചിനീയർ |
| 3-17 | | 12880 | ശ്രീമതി.അനശ്രീ, അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 9000 | ശ്രീ.എസ്.ഷിബു,സെക്രട്ടറി |
| 3-6 | 1539410 | ശ്രീ.എസ്.വിജയകുമാർ, സെക്രട്ടറി |

| | | |
|---|---|---|
| 3-7 | 29547 | ഡോ.രഞ്ജു.റ്റി.യോഹന്നാൻ,മെഡിക്കലോഫീസർ, ആയുർവേദം |
| 3-8 | 60000 | ശ്രീ.രാജൻബാബു, കൃഷി ഓഫീസർ |
| 3-9 | 190400 | ഡോ.ജ്യോതിലാൽ, മെഡിക്കലോഫസർ, സി,എച്ച്.സി |
| 3-11 | 350000 | ശ്രീ.എ.അബ്ദുൾ അസീസ്, അസി.സെക്രട്ടറി |
| 3-12 | 816037 | ശ്രീ.എ.അബ്ദുൾ അസീസ്, അസി.സെക്രട്ടറി |
| 3-13 | 250000 | ശ്രീമതി.എസ്.സുശീലാമ്മ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-14 | 500000 | ശ്രീ.വി.എൻ.പ്രകാശ്,ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ജ്യോതിലാൽ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നെടുമൺകാവ് | ഇളംപ്ലാവിൽ, കരിങ്ങന്നൂർ.പി.ഒ, ആയൂർ |
| ശ്രീമതി.അനശ്രീ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, കരീപ്ര പഞ്ചായത്ത് | മാണപ്പള്ളിൽ കൈലാസ്ഭവൻ, |

| | | |
|---|---|---|
| | | അവണ്ണൂർ.പി.ഓ, കൊട്ടാരക്കര |
| ശ്രീമതി.സുനിതകുമാരി<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് | ഹൗസ് നം. 26, പി.എസ്.നഗർ, വള്ളക്കടവ്.പി.ഒ, തിരുവനന്തപുരം- |

## **4-9** തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LFQP3.1391/14 24-06-14 | 12 |
| 1997-98 | LFQP3.1391/14 24-06-14 | 24 |
| 1998-99 | LFQP3.1391/14 24-06-14 | 16 |
| 1999-2000 | LFQP3.1391/14 24-06-14 | 9 |
| 2000-01 | LFQP3.1391/14 24-06-14 | 3 |
| 2001-02 | LFQP3.1391/14 24-06-14 | 3 |
| 2002-03 | LFQP3.1391/14 24-06-14 | 3 |
| 2003-04 | LFQP3.1391/14 24-06-14 | 12 |

| | | |
|---|---|---|
| 2004-05 | LFQP3.1391/14 24-06-14 | 10 |
| 2005-06 | LFQP3.1391/14 24-06-14 | 10 |
| 2006-07 | LFQP3.1391/14 24-06-14 | 10 |
| 2007-08 | LFQP3.1391/14 24-06-14 | 14 |
| 2008-09 | LFQP3.1391/14 24-06-14 | 16 |
| 2009-10 | LFQP3.1391/14 24-06-14 | 15 |
| 2010-11 | LFQP3.1391/14 24-06-14 | 12 |
| 2011-12 | LFQP3.1038/13 30-11-13 | |
| 2012-13 | LFQP3.1426/14 18-10-14 | |
| 2013-14<br>2014-15 | KSA.KLM.P3.783/16 26-05-16 | |
| 2015-16 | KSA.KLM.P3.1834/16 തീയതി.06.02.2017 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

**4-10** ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം - പി.6-1447/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി – 03/08/2017.

സാക്ഷ്യപത്രം 2016-2017

1994- ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കരീപ്ര ഗ്രാമ- പഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കരീപ്ര ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.